തനിക്കും കുടുംബത്തിനും സംരക്ഷണം നൽകണമെന്ന് അപേക്ഷിച്ചു കൊണ്ടു്!'

ദില്ലിയിൽ സംഭവിച്ചതു് തിരുവനന്തപുരത്തു സംഭവിക്കയില്ലെന്ന തിനു് എന്താണുറപ്പു്?

ചോദ്യം ഭരണകക്ഷികളോടു മാത്രമല്ല, എതിർകക്ഷികളോടുകൂടി യാണു്. കാരണം, ജനാധിപത്യവ്യവസ്ഥിതിയിൽ അവരും ഗവണ്മെ ൻറിൻെറ ഭാഗമാണു്; അവരും ഖജനാവിൽനിന്നു ശമ്പളം പററുന്നു.

(3 ആഗസ്റ്റ്, 1986)

# 55. ചെറാപുഞ്ജിയിൽ കുടിനീർ ക്ഷാമം

'ചെറാപുഞ്ജി' എന്ന പേരു കേൾക്കാത്തവർ, സ്കൂൾപ്പുറിപ്പുള്ളവർക്കി ടയിൽ കുറവായിരിക്കും. ആ സ്ഥലം ആസാമിൽ ആണെന്നാവും അധി കം ആളുകളുടെയും ധാരണ. ഈ ധാരണ പണ്ടു ശരിയായിരുന്നു; പക്ഷേ, ഇപ്പോൾ അതു ശരിയല്ല. ആസാമിൽ അല്ല, മേഘാലയത്തിൽ ആണു് ചെറാപുഞ്ജി.

ഖാസികൾ, ജയന്തിയകൾ, ഗാരോകൾ എന്നീ ഗിരിവർഗക്കാർ പാർക്കുന്ന കുന്നിൻ പ്രദേശങ്ങൾ 1972–ൽ ആസാമിൽനിന്നു വേർതിരി ച്ചു് 'മേഘാലയം' എന്ന പേരിൽ ഒരു സ്റ്റേററു് ആയി രൂപവല്ക്കരിക്ക പ്പെട്ടു. 'എക്കാലത്തും മേഘങ്ങൾ മൂടിനില്ക്കുന്ന പ്രദേശം' എന്ന അർത്ഥ ത്തിലാണു് ഈ പുതിയ സ്റ്റേററിനു് 'മേഘാലയം' എന്ന പേരു് നൽക പ്പെട്ടതു്. സ്റ്റേററിൻെറ മദ്ധ്യത്തിലുള്ള ഖാസികുന്നുകളുടെ തെക്കേ ചെരു വിലാണു്, കടൽനിരപ്പിൽനിന്നു ശരാശരി 1313 മീററർ ഉയരമുള്ള ചെ റാപുഞ്ജി–മാസിൻറാം മേഖല. ആണ്ടിൽ ശരാശരി 1270 സെൻറി മീററർ മഴ ഇവിടെ പെയ്യുന്നുണ്ടത്രേ. ഭൂമുഖത്തു് ഏററവുമധികം മഴ ലഭി ക്കുന്ന പ്രദേശം ഇതാണെന്നു വിശ്വസിക്കപ്പെടുന്നു. ലോകറിക്കാർഡു കൾ രേഖപ്പെടുത്തുന്ന 'ഗിന്നസ്ബുക്ക്' എന്ന പ്രസിദ്ധീകരണത്തിൽ ഭൂമിയിൽ ഏററവുമധികം മഴ പൊഴിയുന്ന പ്രദേശമായി ചെറാപുഞ്ജി യുടെ പേരു ചേർത്തിരിക്കുന്നു.

'ഗിന്നസ്ബുക്കി'ൻെറ അടുത്ത പതിപ്പിൽ ചെറാപുഞ്ജിയുടെ പേരു് ഉണ്ടായിരിക്കുമോ? ഉറപ്പില്ല. കാരണം, ചെറാപുഞ്ജിയിൽ മഴ കുറഞ്ഞുവരുകയാണു്. ഈ വേനലിൽ ചെറാപുഞ്ജി നഗരത്തിൽ കടു ത്ത കുടിനീർക്ഷാമം അനുഭവപ്പെടുകയുണ്ടായി.

കേരളത്തിലെന്നപോലെ ആസാമിലും കാലവർഷക്കാലത്താണു കൂടു തൽ മഴ പെയ്യുന്നതു്. ഭൂമദ്ധ്യരേഖയുടെ തെക്കുഭാഗത്തു് ഉൽഭവിച്ചു് ഇന്ത്യാസമുദ്രത്തിൻെറ മുകളിലൂടെ 6500 കിലോമീററോളം സഞ്ചരിച്ചു്, നീരാവി തിങ്ങിനിറഞ്ഞു്, വരുന്ന കാലവർഷക്കാററുകൾ സിലോ ണിനു തെക്കുഭാഗത്തുവച്ചു രണ്ടു കൈവഴികളായി തിരിയുന്നു. ഇടത്തോട്ടു തിരിഞ്ഞ കൈവഴി ദക്ഷിണകേരളത്തിലെത്തി, വടക്കോട്ടു നീങ്ങി പശ്ചിമഘട്ടനിരകളിൽ തടഞ്ഞു്, പടിഞ്ഞാറൻ തീരത്തു കാലവർഷം ഉണ്ടാക്കുന്നു. വലത്തോട്ടു തിരിഞ്ഞ കൈവഴിയാകട്ടെ സിലോൺ ചുററി ബംഗാൾ ഉൾക്കടലിലൂടെ ആന്ധ്ര, ഒറീസ തീരത്തും ബംഗാളിലുമെത്തു ന്നു. ബംഗാളിലെത്തിയ കാലവർഷക്കാററുകൾ വടക്കോട്ടു നീങ്ങി ആസാ മിലെത്തി, ഹിമാലയനിരകളിൽ തടഞ്ഞു്, ആസാമിൽ (മേഘാലയ ത്തിലും) കടുത്ത കാലവർഷത്തിനു കാരണമായിത്തീരുന്നു.

ചെറാപുഞ്ജിയിലെ കടിനീർക്ഷാമത്തിനു കാരണം മഴ പെയ്യാത്തതല്ല; പെയ്ത മഴ മണ്ണിൽ തങ്ങിനില്ലാതെ ഉടൻ ഒലിച്ചുപോകുന്നതാണ്. ക്രൂരവും അനിയന്ത്രിതവുമായ വിധത്തിൽ ഇവിടെ കാടുകൾ നശിപ്പിക്കപ്പെട്ടിരിക്കുന്നു. മരങ്ങളില്ലെങ്കിൽ മണ്ണിൽ വേരുകളുമില്ലല്ലോ. വേരുകളാണു വെള്ളം മണ്ണിലേക്കു താഴ്ത്തുന്നതും, താഴ്ന്ന വെള്ളം മണ്ണിൽ പിടിച്ചുനിർത്തുന്നതും. മണ്ണിൽ താഴ്ന്ന വെള്ളമാണ്, കുറേശ്ശയായി പുറത്തു വന്ന്, അരുവികളിലൂടെ പുഴകളിലെത്തുന്നതു്. മേഘാലയത്തിലെ അതിവൃഷ്ടിയും, മഴക്കാലത്തെ പെയ്ത്തുവെള്ളത്തിന്റെ കുത്തിയൊലിപ്പും കാരണം, മേഘാലയത്തിനു തെക്കുള്ള ബംഗ്ലാദേശിലെ മൈതാനങ്ങളിൽ എല്ലാവർഷവും വെള്ളപ്പൊക്കവും, തുടർന്നു കടുത്ത നാശനഷ്ടങ്ങളും ഉണ്ടാവാറുണ്ട്.

മരങ്ങളില്ലാത്ത പ്രദേശത്തു പെട്ടെന്നു വളരെയധികം മഴ പെയ്യുമ്പോൾ, വൻതോതിൽ മണ്ണ് ഒലിച്ചുപോവുന്നു. കേരളത്തിലുള്ള നാം ഇതു് അറിയാത്തതല്ല. ചെറാപുഞ്ജിയിൽ സംഭവിക്കുന്നതും ഇതുതന്നെ. തലസ്ഥാനമായ ഷില്ലോങ്ങിൽനിന്ന് ഒരു മെററൽ റോഡ് നിർമിക്കപ്പെട്ടതിനുശേഷം, ഇക്കഴിഞ്ഞ പത്തോ, പതിനഞ്ചോ വർഷങ്ങൾക്കുള്ളിൽ, ആണ് ചെറാപുഞ്ജിയിൽ ഏററവുമധികം കാടു വെട്ടി നശിപ്പിക്കപ്പെട്ടതു്. ഇതിനെത്തുടർന്ന്, ഈ പ്രദേശത്തത്രയും, ഭൂമിയിൽ മേൽമണ്ണ് ഇല്ലാതായിരിക്കുന്നു. പുല്ലിനടിയിൽ ഇപ്പോൾ കാണുക വെറും ചരൽ ആണ്. നമ്മുടെ അട്ടപ്പാടിമലകളിലും മററും കാണുന്നതു് ഇതുതന്നെയാണല്ലോ.

വീണ്ടും കാടു നട്ടുവളർത്തിക്കൂടേ? പ്രയാസമാണ്. മഴ കോരിച്ചൊരിഞ്ഞു്, വെള്ളം കുത്തിയൊലിക്കുമ്പോൾ, കുന്നിൻചെരുവുകളിലെ മണ്ണും, ഒപ്പം നട്ട ചെറുതൈകളും, താഴെ മൈതാനത്തിലെത്തുന്നു. ചെറാപുഞ്ജിയിൽ വനവല്ക്കരണത്തിനു മറെറാരു തടസ്സം കൂടിയുണ്ട്— പരിസരമലിനീകരണം. ചെറാപുഞ്ജി നഗരത്തിനു തൊട്ടു പുറത്ത് മാവ്മ്ലുഹ് സിമൻറ് ഫാക്ടറി ഉയർന്നുവന്നിരിക്കുന്നു. ഈ ഫാക്ടറിയിൽനിന്നു പൊങ്ങുന്ന പുകയും പൊടിയും പരിസരങ്ങളിൽ നടുന്ന മരത്തൈകളെ ഉടൻ കരിച്ചുകളയുന്നു. മലിനീകരണം തടയുന്നതിനുള്ള യാതൊരു സംവിധാനവും ഫാക്ടറിയിൽ ഇല്ല. എന്നും മഴക്കാർ മൂടിനില്ക്കുന്ന ചെറാപുഞ്ജിയിലേക്കു ചെല്ലുന്ന സന്ദർശകരെ ഇപ്പോൾ ആദ്യമായി സ്വാഗതം ചെയ്യുന്നതു് ഈ ഫാക്ടറിയിൽനിന്ന് ഉയർന്നു വായുമണ്ഡലത്തിൽ തങ്ങിനില്ക്കുന്ന, വൃത്തികെട്ട, നരച്ച പുകയാകുന്നു. സിമൻറ് ഫാക്ടറിയിൽ ഉല്പാദനം ആരംഭിച്ചിട്ടു പത്തു വർഷമായി; ഫാക്ടറി തുടങ്ങി മൂന്നു വർഷത്തിനുശേഷം ചെറാപുഞ്ജി നഗരത്തിൽ കുടിനീർ ഒരു പ്രശ്നമായിത്തീരുകയുംചെയ്തു.

ഇടയ്ക്കിടെ പുൽമൈതാനങ്ങളുള്ള നിബിഡവനങ്ങൾ ഏതാണ്ട് ഇരുപതുവർഷം മുമ്പുവരെ ചെറാപുഞ്ജി പ്രദേശത്തെ ആകെ മൂടിക്കിടന്നിരുന്നു. കേരളത്തിലെ സർപ്പക്കാവുകൾപോലെ, ചെറാപുഞ്ജിയിലെ കാടുകൾ 'വിശുദ്ധ'ങ്ങളായിരുന്നു; ഖാസി ഗിരിവർഗ്ഗക്കാർ അവയെ വിശുദ്ധങ്ങളായി കരുതിയിരുന്നു; ഖാസികൾ ക്രിസ്തുമതം സ്വീകരിച്ചതിനുശേഷവും വനങ്ങളെ ആരാധിക്കുന്ന പതിവ് അവർ തുടർന്നുവന്നു. വനസംരക്ഷണത്തിനു പ്രാചീനർ കണ്ടുപിടിച്ച് നടപ്പിൽവരുത്തിയ സഫലമായ ഒരാചാരമായിരുന്നു വൃക്ഷാരാധന.

കേരളം വൃക്ഷശൂന്യമാകാതിരിക്കണമെങ്കിൽ നമ്മളും സർപ്പക്കാവുകളെ പുനരുദ്ധരിക്കണമായിരിക്കാം!

വിശുദ്ധവനങ്ങളിൽ കടന്നു മരം വെട്ടാൻ ഖാസികൾ ആരെയും അനുവദിച്ചിരുന്നില്ല. ഈ കാടുകളിലെ അടിമണ്ണ്, ഇല വീണു ചീഞ്ഞു

ഫലപുഷ്ടമായിരുന്നു; ആണ്ടു മുഴുവനും ആ മണ്ണിൽ ഈർപ്പം തങ്ങിനിന്നിരുന്നു. കാടുകളിലൂടെ അരുവികൾ വററാതെ ഒഴുകിയിരുന്നു. കാടുകളിലെ മരങ്ങളിൽ പലതരം കിളികൾ ചിലച്ചു പാറിപ്പറന്നിരുന്നു.

ഇപ്പോൾ ചെറാപുഞ്ജിയിൽ വിശുദ്ധ വനങ്ങളില്ല. മണ്ണിൽ ഈർപ്പമില്ല. മണ്ണുമില്ല. ഉള്ളതു കുന്നിൻചെരുവിലെ ചരൽമാത്രം.

മരങ്ങൾ കഴിഞ്ഞപ്പോൾ മനുഷ്യൻെറ ദുര മണ്ണു മാന്താൻ തുടങ്ങി. മാവ്മ്ലൂഹ് സിമൻറ് ഫാക്ടറിക്കു ചുണ്ണാമ്പുകല്ലു വേണമല്ലോ. പുൽമൈതാനങ്ങൾ ഇപ്പോൾ ചുണ്ണാമ്പുകല്ലുമടകളായി മാറിയിരിക്കുന്നു. തൊട്ടുപ്പുറത്തു് മണ്ണിനടിയിൽ കൽക്കരിയുള്ളതായി കണ്ടെത്തി. മണ്ണു നീക്കി കൽക്കരി വെട്ടിയെടുക്കുന്ന 'ഓപ്പൻകാസ്റ്റ്' കൽക്കരിഖനികളും അവിടെയെങ്ങും നിറഞ്ഞു. തൊട്ടടുത്തുള്ള ബംഗ്ലാദേശിലേക്കു കളവായി കല്ക്കരി കടത്തിയാൽ കൂടുതൽ ലാഭം കിട്ടുമെന്നും വളരെ വേഗത്തിൽ ജനങ്ങൾ മനസ്സിലാക്കി. ചെറാബസാറിൽ പരസ്യമായി ഇപ്പോൾ കൽക്കരി കള്ളക്കടത്തുകച്ചവടം നടന്നുവരുകയാണത്രേ. അതിനെന്തു്? ഈ ബസാറിൽ എല്ലാ വിദേശരാജ്യങ്ങളിലുമുണ്ടാക്കിയ ആഡംബരവസ്തുക്കൾ ബംഗ്ലാദേശിലൂടെ കള്ളക്കടത്തായി കിട്ടിവരുന്നുണ്ടു്. വില തുച്ഛം, ഗുണം മെച്ചം! ഇതിലൊന്നും ആർക്കും ആവലാതിയില്ല. എല്ലാവർക്കും, ബഹു സന്തോഷം! ചെറാപുഞ്ജിയിലെ, 'സുജലയും സുഫലയും മലയജശീതളയും സസ്യശ്യാമളയും' ആയിരുന്ന ഭൂമിമാത്രം, ഇനിയൊരിക്കലും വീണ്ടെടുക്കാൻ ആവാത്തവിധത്തിൽ, നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

ചെറാപുഞ്ജിക്കടുത്തുള്ള മാസിൻറാമിലും സ്ഥിതി ഇതൊക്കെത്തന്നെ. പക്ഷേ, അവിടെ റോഡുണ്ടായിട്ടു് ഏറെ വർഷങ്ങളായിട്ടില്ല; അതിനാൽ വനവിധ്വംസനം ഇനിയും പൂർണമായിട്ടില്ല. ഇപ്പോൾ, സർക്കാരിൻെറ വനവൽക്കരണ—മണ്ണുസംരക്ഷണ പരിപാടികൾ എല്ലാമുണ്ടായിട്ടും, വനവിധ്വംസനം അവിടെ തടസ്സമൊന്നുമില്ലാതെ മുന്നേറിക്കൊണ്ടിരിക്കുന്നു. സീതിഹാജിമാർക്കു് എവിടെയും ക്ഷാമമില്ലല്ലോ! അഞ്ചു് ആണ്ടുകൾ മുമ്പുവരെ, ഏതു കാലത്തും വററാതിരുന്ന മാസിൻറാമിലെ അരുവികളിൽ ഇപ്പോൾ മഴ പെയ്യുന്ന സമയത്തു മാത്രമേ വെള്ളമുള്ളു.

ചില ആണ്ടുകളിൽ ചെറാപുഞ്ജിയിലേക്കാൾ കൂടുതൽ മഴ മാസിൻറാമിൽ പെയ്തിരുന്നു. മാസിൻറാമിലെ പൊതുമരാമത്തുവകുപ്പു വക ഇൻസ്പെക്ഷൻ ബംഗ്ലാവിൽ ഇങ്ങനെയൊരു പരസ്യം ഇപ്പോൾ കാണാമെന്നു് 1986 മെയ് 28—ലെ 'സ്റ്റേററ്സ്മാൻ' പത്രം റിപ്പോർട്ടു് ചെയ്തിരിക്കുന്നു:

'മാസിൻറാം ഡിവിഷനിൽ സർക്കാർ പാർപ്പിടങ്ങളിൽ പാർക്കുന്ന എല്ലാ പൊതുമരാമത്തുവകുപ്പു് ഉദ്യോഗസ്ഥരുടെയും അറിവിനു്: ഈ പ്രദേശത്തു വെള്ളത്തിൻെറ ഉറവുകൾ ക്രമത്തിൽ വററിവരുകയാണെന്നു കണ്ടിരിക്കുന്നു. അതിനാൽ, വിതരണംചെയ്യപ്പെടുന്ന വെള്ളം പിശുക്കി ഉപയോഗിക്കുക. ആരും വെള്ളം വെറുതെ കളയാതെയും ദുരുപയോഗപ്പെടുത്താതെയും നോക്കുക. അടുത്ത ഭാവിയിൽ വലിയ ജലക്ഷാമം ഉണ്ടാകുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. അതുകൊണ്ടു സ്വന്തം താല്പര്യം മുൻനിർത്തി എല്ലാവരും ഈ കാര്യത്തിൽ സഹകരിക്കണം.' 1986 ഫെബ്രുവരി 27—ാം തീയതി പ്രസിദ്ധീകരിച്ച ഈ പരസ്യത്തിൽ ഒപ്പിട്ടിരിക്കുന്നതു് മാസിൻറാം ഡിവിഷനിലെ പൊതുമരാമത്തു വകുപ്പിൽ സബ് ഡിവിഷണൽ ഓഫീസർ ആയ മി. ജി. പോൾ ആണ്.

മാസിൻറാമിൽനിന്നു് മേഘാലയത്തിൻെറ തലസ്ഥാനമായ ഷില്ലോങ്ങിലേക്കു പോകുംവഴി, 'ലാലിങ്ഡോഹ്' എന്ന ഗ്രാമ

ത്തിൽ, എട്ടു ചതുരശ്ര കിലോമീററർ വിസ്താരമുള്ള ഒരു 'വിശുദ്ധവനം' ഇപ്പോഴുമുണ്ട്. ഇവിടെ മരങ്ങൾ ഇടതൂർന്നു നില്ക്കുന്നു; മണ്ണ് ഫലപുഷ്ടിയുള്ളതാണ്; അരുവികളിൽ ആണ്ടു മുഴുവൻ നീരൊഴുക്കുണ്ട്. ഖാസിഗോത്രക്കാരുടെ ശ്മശാനത്തിനടുത്താകയാൽ ഈ കാട് ഇനിയും നശിപ്പിക്കപ്പെട്ടിട്ടില്ല. ചെറാപുഞ്ജി പ്രദേശം ഏതാനും വർഷം മുമ്പ് എങ്ങനെ ഇരുന്നു എന്ന് അറിയാൻ ഈ വനം കാണുകയേ വേണ്ടൂ.

സർക്കാർ ചെറാപുഞ്ജിയിലും വനവൽക്കരണം നടത്തുന്നുണ്ട്. വനംവകുപ്പുകാർ നടുന്നതു പൈൻ മരങ്ങളാണ്; മററു മരങ്ങളൊന്നും ഈ കുന്നിൻ ചെരുവുകളിൽ വളരുകയില്ലെന്ന് അവർ കരുതുന്നു. നാട്ടുകാർക്ക് പൈൻമരക്കാടുകളിൽനിന്ന് ഒന്നും കിട്ടാനില്ല—വിറക്, കാലിത്തീററ, ഭക്ഷണം—ഒന്നും! മററു വനങ്ങൾക്ക് യൂക്കാലിപ്ററസ് മരങ്ങൾ വരുത്തിവെച്ച നാശം ഹിമാലയവനങ്ങൾക്കു പൈൻമരങ്ങൾ വരുത്തിവയ്ക്കുമെന്ന ആശങ്ക പല പ്രകൃതിപ്രേമികളും പ്രകടിപ്പിച്ചിട്ടുണ്ട്. പക്ഷേ ആരു കേൾക്കാൻ? ആരു ശ്രദ്ധിക്കാൻ?

ചെറാപുഞ്ജിയിലെ കുടിനീർക്ഷാമത്തെപ്പററി ഓരോ ഇന്ത്യക്കാരനും മനസ്സിലാക്കണം. ലാഭക്കൊതികൊണ്ടു മനുഷ്യൻ പ്രകൃതിയെ നശിപ്പിച്ചാൽ പ്രകൃതി മനുഷ്യനോടു പകരം വീട്ടും. മേഘാലയത്തിലായാലും കേരളത്തിലായാലും മറെറവിടെയായാലും, പ്രകൃതിനീതിക്കു ദാക്ഷിണ്യമില്ല! ആളുകൾ ഇതു് അറിഞ്ഞിരിക്കട്ടെ.

ചെറാപുഞ്ജിപോലെ, ആണ്ടിൽ മുന്നൂററുപത്തഞ്ചു ദിവസവും മഴ പെയ്തിരുന്ന ഒരു സ്ഥലം കേരളത്തിലുണ്ടായിരുന്നു. താമരശ്ശേരിയിൽനിന്നു വയനാട്ടിലേക്കു ചുരംകയറിപ്പോകുമ്പോൾ, ഏതാണ്ടു മദ്ധ്യത്തിലുള്ള 'ലക്കിടി' എന്ന സ്ഥലമാണിതു്. ഇന്ന് ലക്കിടിക്ക്, കേരളത്തിലെ മററു പ്രദേശങ്ങളിൽനിന്ന്, ഒരു വിശേഷവുമില്ല. വേനൽക്കാലത്തു ലക്കിടിയിലുമില്ല കുടിനീർ—ചെറാപുഞ്ജിയിലെപ്പോലെതന്നെ!

(20 ജൂലൈ, 1986)

# 56. മരിക്കുന്ന മണ്ണ്

നാം മണ്ണിൽ പിറന്നുവീഴുന്നു. ജീവിതകാലമത്രയും മണ്ണിൽ നടക്കുകയോ, ഇരിക്കുകയോ, കിടക്കുകയോചെയ്യുന്നു. പ്രാണൻ നിലനിർത്തുന്നതിനാവശ്യമായ ആഹാരം നാം മണ്ണിൽനിന്നു നേടുന്നു. ഒടുവിൽ മരിച്ചുകഴിഞ്ഞാൽ നമ്മുടെ ശരീരം മണ്ണിൽ ലയിക്കുന്നു.

എന്നിട്ടും മണ്ണിനെപ്പററി എത്ര കുറച്ചു മാത്രമാണ് നമ്മുടെ അറിവ്! മണ്ണിനു വരാവുന്ന, വന്നുകൊണ്ടിരിക്കുന്ന, വന്നുകഴിഞ്ഞ രോഗങ്ങളെപ്പററി നാം ആലോചിക്കാറുണ്ടോ?

## നവീകരിക്കാനാവാത്ത പ്രകൃതിവിഭവം

നവീകരിക്കാനാവാത്ത ഒരു പ്രകൃതിവിഭവമാണ് മണ്ണ്. നാം കരുതുംപോലെ അത്രയധികം മണ്ണ് ഭൂമിയിലില്ല. 'മണ്ണ്' എന്നതുകൊണ്ട് ഞാനിവിടെ ഉദ്ദേശിക്കുന്നതു് കൃഷിക്ക് ഉതകുന്ന മേൽമണ്ണ് ആണ്. ഭൂമുഖത്തു് മിക്ക സ്ഥലത്തും ആറു മുതൽ എട്ടുവരെ ഇഞ്ച് കനത്തിൽ മാത്രമേ മേൽമണ്ണ് ഉള്ളൂ. കേരളത്തിൽ മേൽമണ്ണിന്റെ ശരാ